LIBRARY ARCHIVES Kerala Legislative Assembly

ഭിന്നശേഷിയുള്ളവർക്ക് ജോലി നൽകാൻ പദ്ധതി

287(2756) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുപത്തിയഞ്ചു വർഷത്തിലധികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും എസ്.എസ്.എൽ.സി. പാസ്സായതുമായ ഭിന്നശേഷിയുള്ള എത്ര പേർ ജോലി ലഭിക്കാതെയുണ്ടെന്നുള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) സാങ്കേതിക കാരണങ്ങളാൽ ജോലി നൽകാൻ കഴിയാതിരുന്ന ഇത്തരത്തിൽപ്പെട്ടവർക്ക് സർക്കാർ ജോലി ലഭിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ആർ.എസ്.ബി.വൈ. പദ്ധതി

288 (2757) ശ്രീ. ആർ . സെൽവരാജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.ബി.വൈ. പദ്ധതിയിൻകീഴിൽ ധനസഹായം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ആർ.എസ്.ബി.വൈ. (രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന) പദ്ധതിയുടെ കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം പ്രധാനമായും ആരോഗ്യ കാർഡ് കൈവശമുള്ള അഞ്ചു പേരടങ്ങുന്ന കുടുംബങ്ങൾക്ക്, ആർ.എസ്.ബി.വൈ. പദ്ധതിയുമായി സഹകരിച്ച് വരുന്ന ആശുപത്രികളിൽ നിന്നും (ചികിത്സയ്ക്കും ചികിത്സ കഴിഞ്ഞ് ഡിസ്ചാർജ് ആകുന്ന സമയത്ത് യാത്ര ചെലവിനായി നൂറു രൂപയും ഉൾപ്പെടെ) ഒരു കുടുംബത്തിന് പ്രതിവർഷം മുപ്പതിനായിരം രൂപയുടെ ചികിത്സാ ആനുകൂല്യം നൽകി വരുന്നു. ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരം സാധുതയുള്ള ആരോഗ്യ കാർഡ് ലഭിച്ചിട്ടുള്ള കുടുംബങ്ങളിലെ കുടുംബനാഥനോ, കുടുംബനാഥയ്ക്കോ അപകടമരണം സംഭവിക്കുകയാണെങ്കിൽ അനന്തരാവകാശികൾക്ക് രണ്ടുലക്ഷം രൂപയുടെ മരണാനന്തര ധനസഹായവും നൽകി വരുന്നു.

(സി) ഭരണതലത്തിൽ രൂപവത്കരിച്ചിട്ടുള്ള ഉന്നതാധികാര സമിതിയുടെ നിയന്ത്രണത്തിലും കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി കേരളയുടെ മേൽനോട്ടത്തിലും ടി പദ്ധതി സുഗമമായും കാര്യക്ഷമമായും നടപ്പിലാക്കി വരുന്നു.

ഒ.ബി.സി. ലിസ്റ്റിലുള്ളവർക്ക് ജാതി സർട്ടിഫിക്കറ്റ്

289(2758) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഒ.ബി.സി. ലിസ്റ്റിലുള്ള Vannia Gouder വിഭാഗത്തിലുള്ളവർക്ക് സംസ്ഥാന സർക്കാരിൽ നിന്നും ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സംസ്ഥാനത്ത് താമസിക്കുന്ന Vannia Gouder വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷകളിൽ റിസർവേഷൻ ലഭിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) Vannia Gouder വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly